**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2147** **21-06-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാത -66 ലെ ഒറ്റത്തൂൺ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയപാത 66- ന്റെ ഒന്നാമത്തെ റീച്ചിൽ കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് നിർമ്മാണം നടന്നുവരുന്ന ഒറ്റത്തൂൺ മേൽപ്പാലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ദേശീയപാത 66- ന്റെ ഒന്നാമത്തെ റീച്ചിൽ കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് നിർമ്മാണം നടന്നുവരുന്ന ഒറ്റത്തൂൺ മേൽപ്പാലത്തിന്റെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്.<br>• സിംഗിൾ സ്പാൻ ബോക്സ് ഗിർഡർ സ്ട്രക്ചർ<br>• പൈൽ ഫൗണ്ടേഷൻ<br>• 40 മീറ്റർ നീളമുള്ള 29 സ്പാനുകൾ<br>• ആകെ നീളം 1.160 കി.മീ.<br>• മെയിൻ കാര്യേജ് വേ (MW) വീതി 27.50 m<br>• നടുക്ക് ഉള്ള മീഡിയന്റെ വീതി 0.5 m |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയിൽ ആരെയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സമിതി എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്നും അറിയിക്കാമോ? | (ബി) | ദേശീയപാതകളുടെ നിർമ്മാണ പുരോഗതി അവലോകനം ചെയ്യുന്നതിന് കൃത്യമായ ഇടവേളകളിൽ Mission 2025 യോഗം നടത്താറുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിന് ചീഫ് സെക്രട്ടറി തലത്തിലും മുഖ്യമന്ത്രി തലത്തിലും അവലോകന യോഗങ്ങൾ നടത്താറുണ്ട്. ദേശീയപാത അതോറിറ്റിയും ഇൻഡിപെൻഡന്റ് എഞ്ചിനീയറായ M/s. Lea Associates South Asia Pvt. Ltd. ഉം ചേർന്ന് പാലത്തിന്റെ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ